(എ) നാല് വർഷം മുൻപ് കായംകുളം മണ്ഡലത്തിലെ മേജർ ഇറിഗേഷൻ കനാലുകളുടെ സമഗ്രമായ നവീകരണവും വികസനവും ലക്ഷ്യമാക്കി സമർപ്പിച്ച 360 ലക്ഷം രൂപയുടെ പ്രോജക്ടിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് വകുപ്പ് മന്ത്രിക്ക് കത്തുകളായും നിയമസഭാ ചോദ്യങ്ങളായും വകുപ്പ് മേധാവിക്ക് നിവേദനങ്ങളായും പലതവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഈ പദ്ധതി ഇതുവരെ നടപ്പിലാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇതുസ്സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ തയ്യാറാകുമോ ;

(ഡി) ജനഹിതം മാനിച്ച് പ്രോജക്ട് അടിയന്തിരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുമോ ;

(ഇ) ഈ പ്രോജക്ട് നടപ്പിലാക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ ആവശ്യം പരിഗണിക്കുമോ ?

ഉത്തരം

(എ,ബി,സി,ഡി&ഇ) കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാലിന്റെയും മലയൻ കനാലിന്റെയും സംരക്ഷണ ജോലികൾ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് 1997 ആഗസ്റ്റ് മാസത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിരുന്നു. ചീഫ് എഞ്ചിനീയർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചശേഷം ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. എല്ലാ പണികളും ഉൾപ്പെടുത്തി സാങ്കേതികമായി പരിശോധിച്ച് സമർപ്പിക്കാൻ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം കനാലുകളുടെ താത്കാലികാവശ്യാടാഗം സംരക്ഷിക്കുന്നതിന് കരിപ്പുഴ കനാലിന് 102 ലക്ഷം രൂപയുടെയും മലയൻ കനാലിന് 118.50 ലക്ഷം രൂപയുടെയും അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പ്രസ്തുത പണികൾകൂടി ഉൾപ്പെടുത്തി കേന്ദ്രസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി കേന്ദ്രസർക്കാരിന് അയച്ചിട്ടുണ്ട്. ജനഹിതം മാനിച്ചും ബഹു.എം.എൽ.എ.യുടെ നിവേദനത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്രാനുമതിക്ക് വിധേയമായി മാത്രമേ തുടർ നടപടികൾ എടുക്കുവാൻ സാധിക്കുകയുള്ളൂ.

വെള്ളാട്ടുകൊല്ലി ഒറ്റത്തെ റഗുലേറ്റർ -കം- ബ്രിഡ്ജുകളുടെ നിർമ്മാണം

40(943) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ നിയമസഭാ മണ്ഡലത്തിൽപ്പെട്ട വെള്ളാട്ടുകൊല്ലി ഒറ്റത്തെ എന്നീ റഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വെള്ളാട്ടുകൊല്ലി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി തയ്യാറാക്കിയ പുതുക്കിയ നിരക്കിലുള്ള 39 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ഭരണാനുമതി നൽകിയിട്ടുണ്ട്.

മടമ്പം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

41(944) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മടമ്പം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സബ്സോയിൽ ഇൻവെസ്റ്റിഗേഷൻ പണി പൂർത്തിയായോ; ഇല്ലെങ്കിൽ ഇതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെണ് വെളിപ്പെടുത്തുമോ ;

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ലാൽ ബഹദൂർശാസ്ത്രി സെന്ററിനെ എന്നാണ് ചുമതലപ്പെടുത്തിയത് ;

(സി) ഈ പദ്ധതിയുടെ ഡിസൈൻ അംഗികരിച്ചോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടുണ്ട്.

(ബി) 20-5-1998-ൽ.

(സി) ഡിസൈൻ അംഗീകരിച്ചിട്ടില്ല.

കൂട്ടാലി റഗുലേറ്റർ-കം-ബ്രിഡ്ജ്

42(945) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂട്ടാലി റഗുലേറ്റർ-കം-ബ്രിഡ്ജ് കഴിഞ്ഞ 22 വർഷമായി പൂർത്തിയാകാതെ കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പണിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത് എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly